10. കേരളത്തിന് പ്രത്യേകമായി 'റെയിൽവേ സോൺ' അനുവദിക്കുക.

11. നെടുമ്പാശ്ശേരിയിൽ ഒരു പുതിയ റെയിൽവേ സ്റ്റേഷൻ നിർമ്മിക്കുക.

ഇക്കാര്യങ്ങൾ എം. പി.-മാരുടെ ശ്രദ്ധയിൽപ്പെടുത്തുകയും 2-7-2004-ൽ നടന്ന എം. പി.-മാരുടെ സമ്മേളനത്തിൽ ചർച്ച ചെയ്യുകയും ചെയ്തിരുന്നു.

പൊതുമിനിമം പരിപാടി

2 [3371] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പൊതുമിനിമം പരിപാടി സംസ്ഥാന സർക്കാരിന്റെ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പൊതുമിനിമം പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിലേക്ക് കേന്ദ്ര സർക്കാരുമായി എന്തെങ്കിലും ചർച്ച സംസ്ഥാന സർക്കാർ നടത്തി വരുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) പുതിയ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പൊതുമിനിമം പരിപാടി സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ നടപ്പിലാക്കുന്നതു സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി പ്രത്യേക ചർച്ചകളൊന്നും നടത്തിയിട്ടില്ല.

ബഡ്ജറ്റിലെ പുതിയ നികുതി നിർദ്ദേശങ്ങൾ

3 [3372] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ധനകാര്യമന്ത്രി 2004-05-ലേക്ക് അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റിലെ പുതിയ നികുതി നിർദ്ദേശങ്ങൾ സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിത നിർദ്ദേശങ്ങളും കേരളത്തെ സംബന്ധിച്ച് എന്തുമാത്രം ഗുണകരമായിരിക്കുമെന്ന് വിലയിരുത്തുകയുണ്ടായോ;

(ബി) എങ്കിൽ നേട്ടങ്ങളും കോട്ടങ്ങളും സംബന്ധിച്ച വിലയിരുത്തലിന്റെ വിശദാംശം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്ര നികുതി ഇനത്തിൽ തന്നാണ്ടിൽ സംസ്ഥാനത്തിന് എന്തു മാത്രം വർദ്ധനവ് ഉണ്ടാകും;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേന്ദ്ര നികുതിയുടെ ഏതെല്ലാം ഇനത്തിൽ എന്ത് മാത്രം വർദ്ധനവ് പ്രതീക്ഷിക്കുന്നു എന്ന് വിശദീകരിക്കാമോ;

(ഇ) ഏതെങ്കിലും നികുതി നിർദ്ദേശങ്ങളുടെ കാര്യത്തിൽ സംസ്ഥാനത്തിന് നഷ്ടം സംഭവിക്കുമെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം മേഖലകളിലെ നികുതികളിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) കേന്ദ്ര ധനകാര്യമന്ത്രി അവതരിപ്പിച്ച 2004-05-ലെ ബഡ്ജറ്റിലെ പുതിയ നികുതി നിർദ്ദേശങ്ങൾമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങളും കോട്ടങ്ങളും സംബന്ധിച്ച് വിലയിരുത്തിവരുന്നതേയുള്ളു. എങ്കിലും വിദേശ ഇന്ത്യക്കാരുടെ നിക്ഷേപങ്ങൾക്കുള്ള പലിശയിൻമേലുള്ള നികുതിയിളവ് പിൻവലിച്ചത് സംസ്ഥാനത്തെ ദോഷകരമായി ബാധിക്കുമെന്നും, സേവനനികുതി നിരക്ക് വർദ്ധിപ്പിച്ചതുവഴി സംസ്ഥാനത്തിനു ലഭിക്കുന്ന കേന്ദ്ര നികുതി വിഹിതം വർദ്ധിക്കുമെന്നും വിലയിരുത്തപ്പെടുന്നുണ്ട്. പാമോയിലിന്റെ ഇറക്കുമതി തീരുവ വർദ്ധിപ്പിച്ചത് കേരളത്തിന്റെ കാർഷിക സാമ്പത്തിക ഘടനയെ സംബന്ധിച്ചിടത്തോളം ആശാസകരമായ തീരുമാനമായി പരിഗണിക്കാവുന്നതാണ്.

(സി) കേന്ദ്ര നികുതി വിഹിതമായി സംസ്ഥാനത്തിന് 2140.50 കോടി രൂപ ലഭിക്കുമെന്നായിരുന്നു സംസ്ഥാന ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിച്ചിരുന്നത്. പുതുക്കിയ കേന്ദ്ര ബഡ്ജറ്റ് അനുസരിച്ച് ഇത് 2515.34 കോടി രൂപയാണ്. ഈ ഇനത്തിലെ വർദ്ധന 374.83 കോടി രൂപയുടേതാണ്.

(ഡി)

ഇനം	സംസ്ഥാന ബഡ്ജറ്റ് 2004-05 (രൂപ കോടിയിൽ)	പുതുക്കിയ കേന്ദ്ര ബഡ്ജറ്റ് (രൂപ കോടിയിൽ)	വർദ്ധന (രൂപ കോടിയിൽ)
കോർപ്പറേഷൻ നികുതി	473.53	758.27	284.74
കോർപ്പറേഷൻ നികുതി ഒഴിച്ചുള്ള ആദായ നികുതി	374.88	409.21	34.33
കസ്റ്റംസ്	458.19	467.38	9.19
കേന്ദ്ര എക്സൈസ് തീരുവ	729.72	752.53	22.81
സേവന നികുതി	81.84	127.91	46.27

ഇത് ഒരു എസ്റ്റിമേറ്റ് മാത്രമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) താഴെപ്പറയുന്ന ഇനങ്ങളിൽ സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി വിഹിതം സംസ്ഥാന ബഡ്ജറ്റിൽ വിഭാവന ചെയ്തതിനേക്കാൾ കുറവായിരിക്കും.

ഇനം	സംസ്ഥാന ബഡ്ജറ്റ് 2004-05 (രൂപ കോടിയിൽ)	പുതുക്കിയ കേന്ദ്ര ബഡ്ജറ്റ് (രൂപ കോടിയിൽ)	കുറവ് (രൂപ കോടിയിൽ)
വരവ് ചെലവിൻ മേലുള്ള മറ്റു നികുതികൾ	3.79	—0.05	3.84
സമ്പത്ത് നികുതി	0.63	0.48	0.15
ക്രയവസ്തുക്കളുടെയും സേവനങ്ങളെയും സംബന്ധിച്ച മറ്റ് നികുതികളും തീരുവകളും	18.13	—0.39	18.52

ഇതും ഒരു എസ്റ്റിമേറ്റ് മാത്രമാണ്.

കറസ്പോണ്ടൻസ് കോഴ്സുകളുടെ അംഗീകാരം

4 [3373] ശ്രീ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലെ വിവിധ തസ്തികകൾക്ക് ഉദ്യോഗാർത്ഥികൾക്കുവേണ്ട യോഗ്യത നിശ്ചയിക്കുന്നത് ആരാണെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ നിശ്ചയിച്ചിട്ടുള്ള യോഗ്യതകളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ പി. എസ്. സി.-ക്ക് അധികാരമുണ്ടോ;

(സി) കേരളത്തിലെ വിവധ സർവ്വകലാശാലകളുടെ റഗുലർ കോഴ്സിന് തുല്യമായി അംഗീകരിച്ച കറസ്പോണ്ടൻസ് കോഴ്സുകൾ സർക്കാർ അദ്ധ്യാപക തസ്തികയ്ക്ക് യോഗ്യതയായി പരിഗണിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) കേരളത്തിലെ സർവ്വകലാശാലകൾ അംഗീകരിച്ച കറസ്പോണ്ടൻസ് കോഴ്സ് ബിരുദങ്ങൾ വിവിധ തസ്തികകളിലേക്കുള്ള നിയമനങ്ങൾക്ക് അംഗീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly